**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. സേവനമേഖലകളിൽ ചെലുത്തിയ സ്വാധീനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനസമയത്ത് സേവനമേഖലകളിൽ ഇൻഫർമേഷൻ ടെക്നോളജി ചെലുത്തിയ സ്വാധീനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ സാമ്പത്തിക - സാമൂഹിക - സേവനമേഖലകളിൽ ഐ.ടി.അധിഷ്ഠിത സ്റ്റാർട്ട് അപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ മേഖലയിലേതുൾപ്പെടെ സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്. I. യുവ സംരംഭകത്വ വികസനപദ്ധതി i. ഇവാഞ്ചലൈസേഷൻ സപ്പോർട്ട് സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താൽപര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണ് ഇവാഞ്ചലൈസേഷൻ സപ്പോർട്ട് പദ്ധതി. ii. ഇൻക്യുബേറ്ററുകൾ ഇൻക്യുബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക, ഇൻക്യുബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചു വരുന്ന ഇൻക്യുബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻക്യുബേറ്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ പിന്നോക്ക ജാതി വികസന വകുപ്പിന്റെ 'സ്റ്റാർട്ടപ് ഡ്രീംസ്' എന്ന ഇൻക്യുബേറ്ററിന്റെ നടത്തിപ്പും കേരള സ്റ്റാർട്ടപ്പ് മിഷൻ നിർവ്വഹിച്ചുവരുന്നു. iii. ആക്സിലറേറ്ററുകൾ വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. C-DAC മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | | | കെ-ആക്സിലറേറ്റർ പദ്ധതിയുടെ മൂന്നാം ഘട്ടം നടന്നു വരുന്നു. iv. ഫണ്ടിംഗ് ആന്റ് എന്റർപ്രൈസ് ഡവലപ്മെന്റ് കേരളം അടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് എയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചെലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ആശയങ്ങൾ ആദ്യ മാതൃകയായി രൂപപ്പെടുത്തുന്നത് മുതൽ ആദ്യ മാതൃക ഉല്പന്നമായി മാറ്റുന്നതിനും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനും ഗ്രാന്റ് നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി, സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കുമായി നടപ്പിലാക്കി വരുന്നു. v. പ്രോഡക്ടൈസേഷൻ / മാർക്കറ്റിംഗ് സംരംഭകരുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്. vi. എക്സ്ചേഞ്ചസ് ആന്റ് ഗ്ലോബൽ ഇമേർഷൻ ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾക്ക് അവസരമൊരുക്കുക തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു. II. കേരള ടെക്നോളജി ഇന്നവേഷൻ സോൺ ഇലക്ട്രോണിക് ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, ബയോ ടെക്നോളജി ഇങ്കുബേറ്ററായ ബയോനെസ്റ്റ്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ്, സൂപ്പർ ഫാബ് ലാബ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്ന പ്രവർത്തനം കളമശ്ശേരിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) | ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങളെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ മേഖലയിലേതുൾപ്പെടെ സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്. I. യുവ സംരംഭകത്വ വികസനപദ്ധതി -- i. ഇവാഞ്ചലൈസേഷൻ സപ്പോർട്ട് - സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും |

താൽപര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണ് ഇവാഞ്ചലൈസേഷൻ സപ്പോർട്ട് പദ്ധതി. ii. ഇൻകുബേറ്ററുകൾ - ഇൻകുബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക, ഇൻകുബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചു വരുന്ന ഇൻകുബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ പിന്നോക്ക ജാതി വികസന വകുപ്പിന്റെ 'സ്റ്റാർട്ടപ് ഡ്രീംസ്' എന്ന ഇൻകുബേറ്ററിന്റെ നടത്തിപ്പും കേരള സ്റ്റാർട്ടപ്പ് മിഷൻ നിർവ്വഹിച്ചുവരുന്നു. iii. ആക്സിലറേറ്ററുകൾ - വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. C-DAC മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ചു. കെ-ആക്സിലറേറ്റർ പദ്ധതിയുടെ മൂന്നാം ഘട്ടം നടന്നു വരുന്നു. iv. ഫണ്ടിംഗ് ആന്റ് എന്റർപ്രൈസ് ഡവലപ്മെന്റ് - കേരളം അടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് എയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചെലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ആശയങ്ങൾ ആദ്യ മാതൃകയായി രൂപപ്പെടുത്തുന്നത് മുതൽ ആദ്യ മാതൃക ഉല്പന്നമായി മാറ്റുന്നതിനും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനും ഗ്രാന്റ് നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി, സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കുമായി നടപ്പിലാക്കി വരുന്നു. v. പ്രോഡക്റ്റൈസേഷൻ / മാർക്കറ്റിംഗ് - സംരംഭകരുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്. vi. എക്സ്ചേഞ്ചസ് ആന്റ് ഗ്ലോബൽ ഇമേർഷൻ - ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾക്ക് അവസരമൊരുക്കുക തുടങ്ങിയവ

| | | | |
|---|---|---|---|
| | | | ഈ ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു. II. കേരള ടെക്നോളജി ഇന്നവേഷൻ സോൺ -- ഇലക്ട്രോണിക് ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, ബയോ ടെക്നോളജി ഇങ്കുബേറ്ററായ ബയോനെസ്റ്റ്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ്, സൂപ്പർ ഫാബ് ലാബ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്ന പ്രവർത്തനം കളമശ്ശേരിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ